# INDIAN SCHOOL SOHAR

No. of printed pages : 7
SET 2

**PERIODIC TEST III 2024-2025**
**MALAYALAM (012)**

**CLASS : X**
**DATE : 05/12/2024**

**MAX. MARK : 80**
**TIME 3 HRS**

---

**GENERAL INSTRUCTIONS**
This question paper contains 7 printed pages.
Separate instructions are given for each section wherever necessary.
This question paper is divided in to two sections.

**SECTION A** : Reading Comprehension (V.S.A.Q)
Vocabulary Building & Prose & Poetry (M.C.Q) : 40 Marks
**SECTION :B** : Grammar, Composition
Literature ( Prose, Poetry & Supplementary ) : 40 Marks

---

## എ. വിഭാഗം / SECTION A

**1 തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ( ഓരോന്നിനും ഓരോ മാർക്ക് വീതം )** **8X1=8**

നിയമം അനുശാസിക്കുന്ന ഒരു നിർദിഷ്ട പ്രായത്തിന് താഴെയുള്ള ( പതിനാലുവയസ്സ് ) കുട്ടികളെ കൊണ്ട് വേതനത്തിന് ജോലി ചെയ്യിക്കുന്നതാണ് ബാലവേല അഥവാ ചൈൽഡ് ലേബർ. അനാഥത്വവും ജീവിത സാഹചര്യങ്ങളും കുട്ടികളെ ചെറുപ്രായത്തിൽ തന്നെ ഉപജീവനത്തിനായി കഠിന ജോലി ചെയ്യാനോ ഭിക്ഷാടനത്തിനോ പ്രേരിപ്പിക്കുന്നു. ഇത് മൂലം ഇവർക്ക് വിദ്യാഭ്യാസവും ജീവിത സുഖങ്ങളും നഷ്ടപ്പെട്ട് സുസ്ഥിര ജീവിതത്തിനുള്ള അടിത്തറ ഇല്ലാതാകുന്നു. 2006 ഒക്ടോബർ 9 ന് ബാലവേല നിരോധിച്ചുകൊണ്ടുള്ള വിജ്ഞാപനം നിലവിൽ കൊണ്ടുവന്നു. എന്നാൽ പ്രസ്തുത നിയമത്തിൽ പുനരധിവാസത്തെക്കുറിച്ച് പരാമർശിക്കുന്നില്ല. ഇത് നിയമം നടപ്പാക്കുന്നതിലെ ന്യൂനതയ്ക്ക് കാരണമാകും. ബാലവേല തടയാൻകഴിയുന്നില്ല എന്നതാണ് ചരിത്രം. 23 ലക്ഷത്തിൽ പരം കുട്ടികൾ ഇന്ത്യയിൽ ബാലവേല ചെയ്യുന്നു എന്നാണ് 2006 ഒക്ടോബറിൽ യു.എൻ പുറപ്പെടുവിച്ച കണക്കുകൾ സൂചിപ്പിക്കുന്നത്. 1986 ൽ കേന്ദ്രസർക്കാർ വ്യവസായ മേഖലയിൽ ബാലവേല നിരോധിച്ചിരുന്നു.

കുട്ടികൾ രാഷ്ട്രത്തിന്റെ അമൂല്യ സമ്പത്താണ്. അവർക്ക് മഹത്വവും മഹിമയും നൽകുന്ന ഒരു സംസ്കാരമാണ് നമ്മുടേത്. അവരെ ലാളിച്ചും സ്നേഹിച്ചും ശാസിച്ചും സന്തോഷിപ്പിച്ചും ഉത്തമ പൗരൻ മാർ ആക്കി വാർത്തെടുക്കേണ്ടത് മാതാപിതാക്കളുടെയും ബന്ധുക്കളുടെയും നമ്മുടെ സമൂഹത്തിന്റെ തന്നെയും മഹത്തായ കടമയായി നാം അംഗീകരിച്ചിട്ടുണ്ട്.എന്നാൽ ഇതിന് വിപരീതമായി സ്നേഹവും ലാളനയും ലഭിക്കേണ്ട പ്രായത്തിൽ, ക്രൂരമായ പെരുമാറ്റവും കഠിനമായ ശിക്ഷയും മനം മടു പ്പിക്കുന്ന വൃത്തിഹീനമായ തൊഴിലിടങ്ങളിലെ കഠിനാധ്വാനവും ആണ് നിർഭാഗ്യവാന്മാരായ കുറെ ബാലന്മാർക്കും ബാലികമാർക്കും ലഭിക്കുന്നത്. ഇത് നമ്മുടെ സമൂഹത്തിന്റെ മൂല്യ തകർച്ചയുടെയും സാംസ്കാരിക വൈകല്യത്തിന്റെയും ലക്ഷണമാണ്. ബാലവേലയുടെ സാമൂഹിക വിപത്ത് ശരിയായി മനസ്സിലാക്കിയിട്ടുള്ളവരായിരുന്നു നമ്മുടെ ഭരണഘടനാ ശില്പികൾ. അക്കാരണത്താലാണ് കുട്ടികളെ കൊണ്ട് തൊഴിൽ ചെയ്യിപ്പിക്കുന്നത് ഒരു ചൂഷണമായും തിന്മയായും കരുതി അത് ഭരണഘടനയുടെ മൗലിക അവകാശങ്ങളുടെ കൂട്ടത്തിൽ ചേർത്ത് നിരോധിച്ചിരിക്കുന്നത്. 14 വയസ്സിനു താഴെയുള്ള ഒരു കുട്ടിയേയും ഫാക്ടറികളിലോ ഖനികളിലോ അപകടകരമായ മറ്റു തൊഴിൽ മേഖലകളിലോ

നിയമിക്കരുത് എന്നാണ് ഭരണഘടനയുടെ ആർട്ടിക്കിൾ 24 അനുശാസിക്കുന്നത്. ബാലവേല എന്ന സാമൂഹിക തിന്മ നമ്മുടെ സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ, വ്യവസ്ഥിതി, നീതിന്യായ ബോധം, ജാതിവ്യവസ്ഥ, വിദ്യാഭ്യാസം, എന്നിവയോടെല്ലാം കെട്ടുപിണഞ്ഞു കിടക്കുന്നു.

ബാലവേല ഇല്ലാതാക്കാൻ മറ്റു സംസ്ഥാനങ്ങളേക്കാൾ ഏറെ കഴിയുക കേരളത്തിനായിരിക്കും. കാരണം കേരളം നേടിയ ഉയർന്ന സാക്ഷരതയും കുട്ടികളെ സ്കൂളിൽ അയയ്ക്കാൻ മാതാപിതാക്കൾ കാട്ടുന്ന താൽപര്യവും നമ്മെ വേറിട്ട ഒരു സംസ്ഥാനമാക്കുന്നു.എന്നാൽ വിദ്യാഭ്യാസത്തിനുശേഷം തൊഴിൽ നേടി കൊടുക്കുന്നതിനും കുടുംബങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉള്ള വ്യവസായ സാമ്പത്തിക നയങ്ങൾ കേരളത്തിന് ഇന്നും അന്യമാണ്. സാമൂഹിക മാറ്റത്തിനുള്ള ഏറ്റവും വലിയ ഉപാധി സാമ്പത്തിക വളർച്ചയാണെന്ന ബാലപാഠം കേരളം ഇനിയെങ്കിലും ഉൾക്കൊള്ളേണ്ടതുണ്ട് .

**ചോദ്യങ്ങൾ** :

i) കുട്ടികളെ ബാലവേലയ്ക്ക് പ്രേരിപ്പിക്കുന്ന ഘടകങ്ങൾ എന്തെല്ലാം?

ii) നമ്മുടെ മഹത്തായ കടമയായി നാം അംഗീകരിച്ചിട്ടുള്ളത് എന്താണ്?

iii) എന്താണ് ബാലവേല ?

iv) 2006 ലെ ബാലവേല നിരോധന വിജ്ഞാപന പ്രകാരം നിയമം നടപ്പാക്കുന്നതിലെ ന്യൂനത എന്തായിരുന്നു?

v) ആർട്ടിക്കിൾ 24 അനുശാസിക്കുന്നത് എന്താണ്?

vi) കേന്ദ്രസർക്കാർ വ്യവസായ മേഖലയിൽ ബാലവേല നിരോധിച്ച വർഷം ?

vii) ബാലവേലയിൽ ഏർപ്പെടുന്ന നമ്മുടെ കുട്ടികൾക്ക് ലഭിക്കുന്നത് എന്തെല്ലാമാണ് ?

viii) കേരളത്തെ ഒരു വേറിട്ട സംസ്ഥാനമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം?

**2. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് <u>ചുവടെയുള്ള ചോദ്യങ്ങൾക്ക്</u> ഉത്തരം എഴുതുക . ( ഓരോന്നിനും ഓരോ മാർക്ക് വീതം ) 7x 1=7**

സാഹിത്യം, സാംസ്കാരിക അന്തരീക്ഷത്തെ ദർപ്പണതുല്യം പ്രതിഫലിപ്പിക്കുക മാത്രമല്ല ചെയ്യുന്നത്. മാറ്റങ്ങൾക്ക് വഴിയൊരുക്കുക എന്ന ദൗത്യവും സാഹിത്യത്തിന്റെ ധർമ്മമാണ് എന്നാണ് മലയാളത്തിലെ പ്രശസ്ത സാഹിത്യകാരനായ സഞ്ജയന്റെ അചഞ്ചലമായ വിശ്വാസം. ഈ ആശയഗതി സ്വന്തം രചനകളിലൂടെ പ്രാവർത്തികമാക്കിയ അദ്ദേഹം, 'സാഹിത്യവും ജീവിതവും' എന്ന പ്രബന്ധത്തിൽ എഴുത്തുകാരൻ എങ്ങനെ ചരിത്രത്തിൽ ഇടപെട്ടിട്ടുണ്ട് എന്ന് ഉദാഹരണസഹിതം വിവരിക്കുന്നുണ്ട്. ഭടന്റെ കൈവാൾ ഇളകുന്നതിനുമുമ്പ് സാഹിത്യകാരന്റെ തൂലിക തെല്ലൊന്നു ഇളകിയിരിക്കണം എന്ന് അദ്ദേഹം ഊന്നിപ്പറയുന്നു.

ഫ്രഞ്ച് വിപ്ലവം ഉണ്ടായതിനു കാരണം കേവലം സൈനിക മുന്നേറ്റം മാത്രമല്ല റൂസ്സോയുടെ ഉജ്ജ്വലമായ രചനകൾ കൂടിയാണ്. സാഹിത്യം ഹിംസയേയും വിപ്ലവത്തേയും മാത്രമല്ല അഹിംസ യേയും ആത്മബോധത്തേയും ആമന്ത്രണം ചെയ്യുന്നുണ്ട് എന്ന് അദ്ദേഹം ഗാന്ധിജിയെ ഉദാഹരണം ആക്കിക്കൊണ്ട് സമർത്ഥിക്കുന്നു. മഹാത്മാഗാന്ധിയെ സാഹിത്യകാരനായി കണക്കാക്കുന്ന അദ്ദേഹം നാം ഗാന്ധിജിയിലെ സാഹിത്യകാരനെ വേണ്ടവിധം തിരിച്ചറിയാത്തത് ആ അംശം ഒരു കർമ്മയോഗി എന്ന നിലയ്ക്കുള്ള ഗാന്ധിജിയുടെ പ്രകാശപ്രവാഹത്തിൽ മുങ്ങിപ്പോകുന്നതുകൊണ്ടാണെന്ന് സമർത്ഥിക്കുന്നു. ഇന്ത്യയിൽ ശാന്തതയുണ്ട്. പക്ഷേ, അത് ശവകുടീരത്തിലെ പ്രശാന്തതയാണ് എന്ന ഗാന്ധിജിയുടെ വാക്യം ഒരു ദിവ്യ സാഹിത്യകാരന്റെ മുഖത്ത് നിന്ന് മാത്രമേ പുറപ്പെടുകയുള്ളൂ എന്നും സഞ്ജയൻ ചൂണ്ടിക്കാണിക്കുന്നു .

**ചോദ്യങ്ങൾ :**

i) സഞ്ജയന്റെ ദൃഷ്ടിയിൽ സാഹിത്യത്തിന്റെ ധർമ്മം എന്ത്?

ii) ഗാന്ധിജിയിലെ സാഹിത്യകാരനെ നാം തിരിച്ചറിയാത്തത് എന്തുകൊണ്ട് ?

iii) സഞ്ജയൻ എഴുതിയ പ്രബന്ധം ഏത് ?

iv) സാഹിത്യം എന്തിനെയെല്ലാമാണ് ആമന്ത്രണം ചെയ്യുന്നത് ?

v) ഒരു ദിവ്യ സാഹിത്യകാരനായി ഗാന്ധിജിയെ കാണാൻ സഞ്ജയനെ പ്രേരിപ്പിച്ച ആ വാക്യം എന്തായിരുന്നു ?

vi) സഞ്ജയൻ തന്റെ പ്രബന്ധത്തിൽ ഊന്നിപ്പറയുന്നത് എന്ത് ?

vii) ഗദ്യഭാഗത്തിന് അനുയോജ്യമായ തലക്കെട്ട് നൽകുക.

**3. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. 7x 1=7**

i) 'കലവി' എന്ന പദത്തിന്റെ അർത്ഥം അല്ലാത്തത് ഏത് ?

A. കേളി B. കേൾവി

C. ക്രീഡ D. കളി

ii) 'വേല' എന്ന പദത്തിന്റെ നാനാർത്ഥം അല്ലാത്തത് ഇവയിൽ ഏതാണ്?

A. തൊടി B. ഉത്സവം

C. തൊഴിൽ D. പണി

iii) തന്നിരിക്കുന്നവയിൽ ശരിയായ പദം കണ്ടെത്തി എഴുതുക.

A. ചിരഞ്ജീവി B. ചിരഞ്ചീവി

C. ചിരജ്ഞീവി D. ചിരംഞ്ജീവി

iv) 'മധുരോദാരം' എന്ന സമസ്ത പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥമേത്?

A. മധുരത്തിന്റെ ഉദാരം B. മധുരം എന്ന ഉദാരം

C. മധുരവും ഉദാരവും D. മധുരത്തിലെ ഉദാരം

v) 'കരിന്തിരി ' എന്ന വാക്ക് എങ്ങനെയാണ് പിരിച്ചെഴുതുക ?

A. കരി + ന്തിരി B. കരിം + തിരി

C. കരി + തിരി D. കരിം + ന്തിരി

vi) 'പത്ത് ആണ്ട് ' എന്നതിന്റെ ഒറ്റപ്പദം തന്നിരിക്കുന്നവയിൽ ഏതാണ് ?

A. പന്തീരാണ്ട് B. പതിറ്റാണ്ട്

C. സംവത്സരം D. നൂറ്റാണ്ട്

vii) ഭ്രാതാവ് എന്ന പദത്തിന്റെ എതിർലിംഗ പദം ഏത് ?

A. ഭ്രാതാവിനി B. ഭ്രാതാവി

C. ഭാഗിനി D. ഭഗിനി

viii) തലം താലം എന്നീ പദങ്ങളുടെ ശരിയായ അർത്ഥവ്യത്യാസം ഏത് ?

A. സ്ഥലം - തട്ടം B. സ്ഥലം - പൂവ്

C. തട്ടം - സ്ഥലം D. സ്ഥലം - വയൽ

ix) മഴ എന്ന പദത്തിന്റെ പര്യായപദം അല്ലാത്തത് ഇവയിൽ ഏതാണ് ?

A. വർഷം B. മാരി

C. തുഷാരം D. വൃഷ്ടി

x) സജ്ജനം എന്നതിന്റെ വിപരീതപദം ഏത് ?

A. ജനം B. വിജനം

C. ദുർജ്ജനം D. നിർജനം

**4. തന്നിരിക്കുന്ന 10 ചോദ്യങ്ങളിൽ 9 എണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക. ( ഓരോന്നിനും രണ്ടു മാർക്ക് വീതം) ഓരോ ചോദ്യത്തിനും ഓരോ ഉപചോദ്യവും ഉണ്ട് :**

**9 x 2=18**

a) 'നിജ കർമ്മ നീതരായേതു മാർഗ്ഗമിയലാ ശരീരികൾ '

(i). ഈ വരികൾ അർത്ഥമാക്കുന്ന ആശയം എന്ത് ?

A. ജീവിതം നശ്വരമാണ്. B. സന്യാസമാണ് ശ്രേഷ്ഠം.

C. മനുഷ്യർ സ്വാർത്ഥരാണ്. D. കർമ്മത്തിന് നിയോഗിക്കപ്പെട്ടവരാണ് മനുഷ്യർ.

(ii) ഈ വരികളിൽ അടങ്ങിയിരിക്കുന്നത് എന്ത് ?

A. നിരാശ B. തത്വചിന്ത

C. പുച്ഛം D. ആത്മപ്രശംസ.

(b) 'പൂരിതാദരയോടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർ സുമോപമം ' ?

i) 'പനിനീർ സുമോപമം ' എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് എന്തിനെയാണ് ?

A. ദിവാകരന്റെ മുഖത്തെ B. മഞ്ഞുതുള്ളികളെ

C. നളിനിയുടെ മുഖത്തെ D. വിവേകികളെ

(ii) ഈ കവിതയുടെ മറ്റൊരു പേര് എന്ത് ?

A. ഒരു സ്നേഹം B. കരുണ

C. സ്നേഹം D. ദുരവസ്ഥ

c) 'ഇന്നും പഴി പറഞ്ഞേക്കും, മടങ്ങാതെ വയ്യ, തലയ്ക്കകത്തെന്തോ
പെരുക്കുന്നു'

i) ആര് ആരെയാണ് പഴി പറയുന്നത് ?

A. അമ്മ മകനെ B. മകൻ അമ്മയെ

C. ഭാര്യ ഭർത്താവിനെ D. നാട്ടുകാർ മകനെ

ii) എന്തിനാണ് പഴി പറയുന്നത് ?

A. അമ്മയെ സ്നേഹിക്കാത്തതിന് B. അമ്മയെ ഉപേക്ഷിക്കാത്തതിന്

C. അമ്മയെ കൊണ്ടുപോകുന്നതിന് D. അമ്മയെ ചികിത്സിക്കാത്തതിന്

d) 'സ്വയം ബുദ്ധികെട്ടു കരിന്തിരിയാളും വരെ'

i) കരിന്തിരി എന്ന പ്രയോഗം അർത്ഥമാക്കുന്നത് എന്ത് ?

A. ബാല്യാവസ്ഥ B. വാർദ്ധക്യവസ്ഥ

C. അനാഥത്വം D. യൗവ്വനം

ii) കരിന്തിരി ആളുക എന്ന പ്രയോഗത്തിന്റെ അർത്ഥം എന്ത് ?

A. അമ്മയുടെ സ്നേഹം
B. മകന്റെ സ്നേഹം
C. മകന്റെ ഓർമ്മകൾ
D. അമ്മയുടെ ആസന്നമായ മരണം.

e) 'ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം

വെന്തു വെണ്ണീറായ് ചമഞ്ഞു പോയീടിലാം '

i) എന്തിനെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത് ?

A. മോഹം
B. ദേഹം
C. ജീവിതം
D. അവിദ്യ

ii) താഴെ തന്നിരിക്കുന്നവയിൽ പഞ്ചഭൂതങ്ങളിൽ പെടാത്തത് ഏത്?

A. ആകാശം
B. അഗ്നി
C. വായു
D. പാതാളം

f). 'ബ്രഹ്മൻ, അവിടുത്തോടുകൂടി ഞാനും മനുഷ്യരിൽ ഇരുന്നുകൊള്ളട്ടെ '

i) ആരുടെ വാക്കുകളാണിത് ?

A. ഭീമൻ
B. വ്യാസൻ
C. അശ്വത്ഥാമാവ്
D. വ്യാസൻ

ii) എവിടെ വച്ചാണ് ഇങ്ങനെ പറയുന്നത് ?

A. ഭാഗീരഥി കച്ഛം
B. ഓഘവതീ തീരം
C. കുരുക്ഷേത്രം
D. സമന്തപഞ്ചകം

g) ' അപരിചിതനെ പോലെ വെള്ളായിയപ്പനെ നോക്കി '

i) വെള്ളായിയപ്പനെ നോക്കിയത് ആരാണ് ?

A. കണ്ടുണ്ണി
B. പാറാവുകാരൻ
C. നീലി മണ്ണാത്തി
D. കുട്ട്യസ്സൻ മാപ്പിള

ii) എവിടെ നിന്നാണ് നോക്കിയത് ?

A. പാടവരമ്പത്ത്
B. ഇരുമ്പഴികൾക്ക് പിന്നിൽ
C. ചവിട്ടടിപ്പാതയിൽ
D. കടൽത്തീരത്ത്

h) ' പഴയൊരു പുള്ളുവനാണല്ലോ ഞാൻ.. '

i) പുള്ളുവൻ ഉപയോഗിക്കുന്ന വാദ്യോപകരണം ഏത് ?

A. ചെണ്ട
B. ഓടക്കുഴൽ
C. വീണ
D. നാദസ്വരം

ii) ഇവിടെ 'ഞാൻ' എന്ന് ഉദ്ദേശിക്കുന്നത് ആരെയാണ് ?

A. മഹാബലിയെ
B. കവിയെ
ഇ. പ്രകൃതിയെ
D. ഉഷസ്സിനെ

i). 'നാളെ ഞാൻ കടയില് വരില്യാ മൂപ്പരേ, കുറച്ചു ദിവസത്തേക്ക് ഞാനില്ല '

i) ഇങ്ങനെ പറയുന്നതിന്റെ കാരണം എന്ത് ?

A. മകൻ മരിച്ചത് കൊണ്ട് B. മകനെ തൂക്കിലേറ്റിയതിനാൽ

C. കണ്ണൂർക്ക് പോകാനുള്ളതുകൊണ്ട് D. ഞായറാഴ്ചയായതുകൊണ്ട്

ii) ഇത് ആര് ആരോട് പറയുന്നതാണ് ?

A. വെള്ളായിയപ്പൻ കുട്ട്യസ്സൻ മാപ്പിളയോട് B. ചെമ്പു മത്തായി ചാക്കുണ്ണിയോട്

C. ചാക്കുണ്ണി ചെമ്പു മത്തായിയോട് D. വെള്ളായി കണ്ടുണ്ണിയോട്

j). ' ദ്രൗണിയുടെ ശിരസ്സിലുള്ള സഹജമായ ചൂഡാമണി കൊണ്ടുവന്ന്

അങ്ങയുടെ ശിരസ്സിലണിഞ്ഞു കാണണം ഞാൻ ജീവിക്കണമെങ്കിൽ'

i) ആരുടെ വാക്കുകളാണ് ഇത് ?

A. ലേഖകൻ B. ദ്രൗപദി

C. ദുര്യോധനൻ D. സഞ്ജയൻ.

ii) ഇവിടെ പരാമർശിക്കുന്ന അങ്ങ് ആരാണ് ?

A. ശ്രീകൃഷ്ണൻ B. ഭീമൻ

C. അർജുനൻ D. യുധിഷ്ഠിരൻ

## ബി . വിഭാഗം ( Section :B )

5. **(a) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ച് എഴുതുക.** **2X1=2**

(i) ചെമ്പു മത്തായിയുടെ അടുക്കൽ ചെന്ന് റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു.

(ii) അപ്പോൾ അയാളെ ഒടുക്കമൊന്ന് കാണുവാനായി സഞ്ജയൻ അവിടെ വന്നു.

**(b) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക .** **2X1=2**

(i) ഇനി എന്റെ പക്ഷത്തിൽ ബാക്കിയുള്ളവരോട് പറയണം ഭീമൻ മുറയും നിയമവും തെറ്റിച്ചാണ് എന്നെ വീഴ്ത്തിയതെന്ന് .

(ii) പിൽക്കാലത്ത് കുറച്ചുനാളുകൾക്ക് ശേഷം തുന്നിക്കൊടുക്കുമ്പോൾ കൊടുത്തു വീട്ടാം എന്ന കരാറിൽ അയാൾ പലരിൽ നിന്നും കടം വാങ്ങി.

**(c) പ്രയോഗം മാറ്റുക.** **2X1=2**

(i) പാറാവുകാരൻ വെള്ളായിയപ്പനെ തടവറയുടെ ഉള്ളുകളിലേക്ക് കൂട്ടിക്കൊണ്ടുപോയി.

(ii) ദ്രൗണി അയാളെ ചവിട്ടി ഉണർത്തി..

**(d) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.**

**2X1=2**

(i) പരിമിതി

(ii) അഭിമുഖീകരിക്കുക

(iii) നിർദയം

6 **(a) താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെ കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **5**

i). കാലാവസ്ഥാ വ്യതിയാനവും പ്രകൃതിദുരന്തങ്ങളും.

**OR**

ii). അവഗണിക്കപ്പെടുന്ന വാർദ്ധക്യം.

(b) നിങ്ങളുടെ സ്കൂൾ പരിസരത്ത് ലഹരിപദാർത്ഥങ്ങൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെടുത്തി കൊണ്ടും പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചു കൊണ്ടും സ്കൂൾ ഹെഡ്മാസ്റ്റർ എന്ന നിലയിൽ പഞ്ചായത്ത് പ്രസിഡന്റിന് ഒരു കത്ത് എഴുതുക. **5**

(c) ദുരന്തഭൂമിയിൽ രക്ഷാപ്രവർത്തനം നടത്തി നാടിനു മാതൃകയായ യുവാവിനെ അഭിനന്ദിച്ചു കൊണ്ടുള്ള പത്രവാർത്ത തയ്യാറാക്കുക . **4**

**7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. ( ഓരോന്നിനും മൂന്നു മാർക്ക് വീതം )** **2X3=6**

(a) 'ആ നേരം വല്ല പണീം എടുത്താല് നാല് കാശുണ്ടാക്കാം' ഈ വാക്കുകളിൽ പ്രകടമാകുന്ന മനോഭാവം എന്ത് ? വിശദമാക്കുക.

(b) 'സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ടുവന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വച്ച് മുങ്ങിപ്പോയി ' സന്ദർഭവും ആശയവും വിശദമാക്കുക.

(c) 'വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകൾ ആണ് ' ആര് ആരോട് പറഞ്ഞു ? സന്ദർഭം വിശദമാക്കുക.

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും മൂന്നു മാർക്ക് വീതം)** **2X3=6**

(a) ശ്രീരാമൻ ലക്ഷ്മണന് നൽകുന്ന ഉപദേശം എഴുത്തച്ഛൻ സമൂഹത്തിന് നൽകുന്ന ഉപദേശം കൂടിയാണ്. വിശദമാക്കുക.

(b) ' പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ
രൂറ്റം, കുരച്ചത് ചാടിക്കുതിക്കുന്നു '
ഈ വരികൾ മകനുള്ള മുന്നറിയിപ്പാണോ ? സമർത്ഥിക്കുക.

(c) മലയാള ദേശം ഓണത്തെ സ്വീകരിക്കുന്നത് എങ്ങനെ എന്ന് ഓണമുറ്റത്ത് എന്ന കവിതയെ ആസ്പദമാക്കി എഴുതുക.

**9. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. ( ഓരോന്നിനും മൂന്നു മാർക്ക് വീതം )** **2X3=6**

(i) ചട്ടമ്പിസ്വാമികളെ സാധാരണക്കാരനായ ഒരു സന്യാസി എന്ന് വിശേഷിപ്പി ക്കുന്നത് എന്തുകൊണ്ട് ?

(ii) ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമികളും തമ്മിലുള്ള കൂടിക്കാഴ്ചയെ കുറിച്ച് വിവരിക്കുക.

(iii) അഴിമതിക്കാരനായ ഉദ്യോഗസ്ഥനെ ചട്ടമ്പിസ്വാമികൾ ഒരുപാഠം പഠിപ്പിച്ചത് എങ്ങനെ?

******